**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2777** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ടൗണിലെ വൈദ്യുതി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം ടൗണിലെ വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കോതമംഗലം സർക്കാർ ആശുപത്രി ട്രാൻസ്ഫോർമറിനു കീഴിലുള്ള 1750 മീറ്റർ എൽ.ടി ലൈൻ റീ-കണ്ടക്ടറിംഗ് നടത്തിയിട്ടുണ്ട്, എസ്റ്റിമേറ്റ് തുക 2,71,287 രൂപ. ദ്യുതി - 2 പദ്ധതിയിൽപ്പെട്ട കോതമംഗലം ലോറി സ്റ്റാന്റിൽ ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുന്നതിനായി 40 മീറ്റർ എച്ച്.റ്റി എ.ബി.സി വലിക്കേണ്ട പ്രവൃത്തികൾ 13.02.2024-ന് പൂർത്തീകരിച്ച് 2024 ഫെബ്രുവരി മാസത്തിൽ തന്നെ ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുന്നതാണ്. എസ്റ്റിമേറ്റ് തുക **4,19,975/-** രൂപ.<br><br>ദ്യുതി- 1 പദ്ധതിയിൽപ്പെട്ട കോതമംഗലം സബ്സ്റ്റേഷൻ മുതൽ കവളങ്ങാട് ഫീഡറിൽ അരമനപ്പടിവരെയും കോഴിപ്പിള്ളി ഫീഡറിൽ ഹൈറേഞ്ച് ജംഗ്ഷൻ വരെയും 5.7 കി.മീ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന ജോലിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും, പി.ഡബ്ല്യു.ഡി-യുടെ റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്തതിനാൽ വർക്ക് തുടങ്ങാൻ സാധിച്ചിട്ടില്ല. റോഡ് കട്ടിംഗ് അനുമതിക്കായി മൂവാറ്റുപുഴ പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 11.09.2023-ലും 25.10.2023-ലും രണ്ടു കത്തുകൾ നൽകിയിരുന്നെങ്കിലും റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്തതിനാൽ വർക്ക് തുടങ്ങാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് തുക 2.276 കോടി രൂപ.<br><br>കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ കോതമംഗലം പോസ്റ്റ് ഓഫീസ് ജംഗ്ഷൻ മുതൽ മലനാട് വരെ 300 മീറ്റർ 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന ജോലി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ വിതരണവിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ആരംഭിച്ചിട്ടുണ്ട് എസ്റ്റിമേറ്റ് തുക 11,18,870 രൂപ. |

| | | | |
|---|---|---|---|
| (ബി) | ആയതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പി.ഡബ്ല്യു.ഡി - യുടെ അനുമതി ലഭിച്ച ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജോലികൾ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ